**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3502** **08-10-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിലെ കാഷ്വൽ സ്വീപ്പർമാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ശ്രീമതി ശ്രീകല, സായന്തനം, പ്ലാമൂട്, പെരിങ്ങമല എന്ന വ്യക്തി 2023 ആഗസ്റ്റ് മാസം മുതൽ 2024 ജനുവരി മാസം വരെ (6 മാസക്കാലം) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് &സി.ഡി.സി യിൽ കുടുംബശ്രീ മുഖാന്തിരം കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തിരുന്നോ; എങ്കിൽ ടിയാൾക്ക് പ്രസ്തുത കാലയളവിൽ അർഹതപ്പെട്ട വേതനം നൽകിയിട്ടുണ്ടോ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിൽ പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം സി.ഡി.സി-യിൽ കുടുംബശ്രീ മുഖാന്തിരം ശ്രീമതി.ശ്രീകല, സായന്തനം, പ്ലാമൂട്, പെരിങ്ങമല എന്നയാൾക്ക് കാഷ്വൽ സ്വീപ്പറായി നിയമനം നൽകുകയും ടിയാൾ 03.08.2023 മുതൽ 29.01.2024 വരെ ജോലി ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിലെ വേതനം ടിയാൾക്ക് ലഭിച്ചിട്ടില്ല.<br><br>കുടുംബശ്രീ മുഖേന നിയമനം നൽകുന്ന ജീവനക്കാരുടെ വേതനം കുടുംബശ്രീയുടെ അക്കൗണ്ട് മുഖേനയാണ് നൽകേണ്ടതെന്ന് 09.02.2010 ലെ സ.ഉ. (പി) 61/2010 ധന. ഉത്തരവിലും സർക്കാർ കാര്യാലയങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും സ്പാർക്കിൽ ടെമ്പററി എംപ്ലോയീ നമ്പർ ക്രിയേറ്റ് ചെയ്ത് അവരവരുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് മാത്രമേ വേതനം അനുവദിക്കാവൂ എന്ന് ധനകാര്യം (ITSF) വകുപ്പിന്റെ 30.09.2023 ലെ നമ്പർ 82/2019/ ധന സർക്കുലറിലും വ്യത്യസ്തമായി പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി. ശ്രീകലയ്ക്ക് വേതനം അനുവദിക്കുന്നത് സംബന്ധിച്ച് ടി വകുപ്പുകളുടെ മാർഗനിർദ്ദേശം കൂടി ലഭ്യമാക്കി തീരുമാനിക്കുന്നതാണ്. |
| (ബി) | കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ലേബർ വകുപ്പിന് കീഴിൽ കാഷ്വൽ സ്വീപ്പർമാരുടെ ഒഴിവുകൾ എവിടെയെല്ലാമാണ് ഉണ്ടായിട്ടുള്ളത് ; പ്രസ്തുത ഒഴിവുകളിൽ നിയമിതരായവർക്ക് എപ്രകാരമാണ് വേതനം അനുവദിച്ചത് ; വിശദമാക്കാമോ? | (ബി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിൽ കാഷ്വൽ സ്വീപ്പർ തസ്തിക നിലവിലില്ല; പാർട് ടൈം സ്വീപ്പർ തസ്തിക മാത്രമാണ് നിലവിലുള്ളത്. പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം സി.ഡി.സി-യിൽ പാർട് ടൈം സ്വീപ്പറുടെ തസ്തിക നിലവിലില്ലാത്തതിനാലാണ് കുടുംബശ്രീ മുഖേന ശ്രീമതി.ശ്രീകലയ്ക്ക് നിയമനം നൽകിയത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് |

| | | | |
|---|---|---|---|
| | | | ബ്യൂറോയിലും പാർട് ടൈം സ്വീപ്പറുടെ തസ്തിക നിലവിലില്ലാത്തതിനാൽ സമാനമായി നിയമനം നടത്തിയിട്ടുണ്ട്. ഇപ്രകാരം നിയമനം ലഭിച്ച ശ്രീമതി.ശോശാമ്മ ക്ലീറ്റസ് എന്നയാളുടെ 05/08/2023 മുതൽ 02/11/2023 വരെ ജോലി ചെയ്ത കാലയളവിലെ വേതനവും വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ